"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൈനിംഗ് & ജിയോളജി -2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ. രാജേന്ദ്രൻപിള്ള, രാമപുരം ബംഗ്ലാവ്,ഉകുത്തിക്കര പി.ഒ, കുന്നത്തൂർ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി- ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.424/2026/ID തീയതി,തിരുവനന്തപുരം, 08-04-2026

---

പരാമർശം:-

1. കൊല്ലം ജില്ലാ ജിയോളജിസ്റ്റിന്റെ 3/10/2024 ലെ 302/2024-25 OE/DOKOL-DMG/937/2024-M നമ്പർ നടപടിക്രമം
2. ശ്രീ. രാജേന്ദ്രൻപിള്ള സമർപ്പിച്ച 5/2/2025 ലെ അപ്പീൽ അപേക്ഷ
3. ഡയറക്ടർ, മൈനിംഗ് & ജിയോളജിയുടെ 11/2/2026 ലെ ഡിഎംജി/2496/2025-എം6 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ വില്ലേജിൽ സർവേ നമ്പർ 648/19 ൽ പ്പെട്ടതും ശ്രീ. രാജോന്ദ്രൻപിള്ളയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തുനിന്നും അനുമതി നൽകിയതിൽ അധികമായി ഖനനം ചെയ്ത 588.89 ക്യൂ.മീറ്റർ മണ്ണിന് 5 ഇരട്ടി റോയൽറ്റി തുകയായ 2,35,556/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് പരാമർശം(1) പ്രകാരം കൊല്ലം ജിയോളജിസ്റ്റ് നൽ കിയ നടപടിക്രമത്തിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീ. രാജേന്ദ്രൻപിള്ള അപ്പീൽ സമർപ്പിച്ചിരുന്നത്. ടിയാൾ സമർപ്പിച്ച അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 5/2/2026 ന് അപ്പീൽ അധികാരിയായ അഡീഷണൽ സെക്രട്ടറി അപ്പീൽകക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 05/02/2026-ന് നേരിൽ കേട്ടു.

2. അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

ഹർജി കക്ഷിയുടെ വക കുന്നത്തൂർ വില്ലേജിൽ സർവ്വേ നമ്പർ 648/19 നമ്പർ വസ്തുവിൽ വീട് നിർമ്മിക്കുന്നതിന് വേണ്ടി ഹർജി കക്ഷി അനുമതിക്കായി കുന്നത്തൂർ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ നല്കിയിരുന്നതും ആയതിന് A4/BA116582/ 2023 തീയതി 25.03.2023 ആയി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ സ്ഥലത്തുനിന്നും സാധാരണ മണ്ണ് മാറ്റുന്നതിന് 08/08/2023 തീയതി എ442/2/23 നമ്പർ ആയി ധാതു ഗതാഗത പെർമിറ്റ് കൊല്ലം ജില്ലാ ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും അനുവദിച്ചിരുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് കുന്നത്തൂർ ഗ്രാമ പഞ്ചായത്ത് അധികാരികൾ ഹർജികക്ഷിയുടെ വസ്തു പരിശോധനക്കായി സന്ദർശിച്ചതാണ്. വസ്തുവിന്റെ വടക്ക് ഭാഗം താഴ്ചയിൽ കിടന്നിരുന്നതാണ് ആയത് പഞ്ചായത്ത് അധികാരികൾ ശ്രദ്ധിച്ചിട്ടില്ലാത്തതാണ്. വസ്തുവിന്റെ തെക്കുഭാഗത്തുള്ള മണ്ണ് നീക്കം ചെയ്യുന്നതിനാണ് പെർമിറ്റിന് അപേക്ഷിച്ചിരുന്നത്. വടക്കുഭാഗം താഴ്ചയിൽ കിടക്കുന്നതിനാൽ മണ്ണ് നീക്കം ചെയ്യേണ്ട ആവശ്യം ഇല്ലായിരുന്നു.

പെർമിറ്റിലെ വ്യവസ്ഥ പ്രകാരം മാത്രമാണ് മണ്ണ് നീക്കം ചെയ്തിരുന്നത്. വസ്തുവിന്റെ വടകക്ക് ഭാഗം താഴ്ചയായി ഉണ്ടായിരുന്ന ഭാഗത്തിന്റെ വശങ്ങളിലെ മണ്ണ് വലിച്ച് നിരത്തിയതിനാൽ കൂടുതൽ ഏരിയയിൽ നിന്നും മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി അധികാരികൾക്ക് തോന്നിയിട്ടുള്ളതാണ്. വീട് വയ്ക്കുന്നതിന് വേണ്ടി വസ്തു ശരിയായി നിരപ്പാക്കിയപ്പോൾ ബാക്കി വന്ന മണ്ണ് സ്ഥലത്തു കൂട്ടി ഇട്ടിട്ടുള്ളതാണ്. നിയമ പ്രകാരം ടി മണ്ണ് നീക്കം ചെയ്യുന്നതിന് വേണ്ടി 15/11/2023 ൽ കുന്നത്തൂർ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതും ആയതിന് ഹർജിക്കക്ഷിക്ക് കൈപ്പറ്റ് രസീത് ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധനയ്ക്ക് എത്തിയ പഞ്ചായത്ത് ഉദ്യോഗസ്ഥർ യഥാർത്ഥ വസ്തുത മനസിലാക്കാതെ ജിയോളജിസ്റ്റിന് അടിസ്ഥാന രഹിതമായ സംഗതികൾ വിവരിച്ച് കത്ത് നല്കിയിട്ടുള്ളതാണ്. വസ്തു നിരപ്പാക്കിയപ്പോൾ ലഭിച്ച മണ്ണ് സ്ഥലത്തു നിന്നു മാറ്റിയെങ്കിൽ മാത്രമേ വീട് വയ്ക്കുന്നതിന് സാധ്യമാകുകയുള്ളൂ. വസ്തുവിന്റെ ഉയർച്ച താഴ്ചകൾ നിരപ്പാക്കിയപ്പോൾ ബാക്കി വന്ന മണ്ണ് മാത്രമാണ് സ്ഥലത്തു കൂട്ടിയിട്ടുള്ളത്. ആയത് നീക്കുന്നതിന് വേണ്ടി നിയമ പ്രകാരം അപേക്ഷയും ബോധിപ്പിച്ചിരുന്നതാണ് . ഈ അപ്പീലിന് ഹേതു ആയ 03/10/2024 ലെ ഉത്തരവ് പ്രകാരം കക്ഷി 2,35,556/- രൂപ അടയ്ക്കുന്നതിന് ബാധ്യസ്ഥൻ അല്ല. അതിനാൽ കൊല്ലം ജിയോളജിസ്റ്റിന്റെ 302/2024-25/OE/DOKOL-DMG/937/2024-M തീയതി 03/10/2024 ഉത്തരവ് റദ്ദു ചെയ്തു ഉത്തരവുണ്ടാകണമെന്ന് ആവശ്യപ്പെട്ടു.

3. അപ്പീൽ അപേക്ഷയിൽമേൽ ഡി.എം.ജി ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ വില്ലേജിൽ സർവ്വേ നമ്പർ 648/19 ൽ പ്പെട്ടതും ശ്രീ. രാജേന്ദ്രൻ, രാമപുരം ബംഗ്ളാവ് തുരുത്തിക്കര എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽപ്പെട്ടതുമായ സ്ഥലത്തു നിന്നും കെട്ടിടനിർമ്മാണ ആവശ്യത്തിനായി 701.53 $m^3$ (1403.06 മെ.ടൺ) മണ്ണ് നീക്കം ചെയ്യുന്നതിന് 08.08.2023 തീയതിയിൽ അനുമതി നല്കിയിരുന്നതായും തുടർന്ന് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ സ്ഥല പരിശോധനയിൽ ടി സ്ഥലത്തുനിന്നും അനുമതി നല്കിയതിൽ അധികമായി 1308.89 $m^3$ (2617.78 മെ.ടൺ) മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് കെട്ടിട നിർമ്മാണ പ്രവർത്തികളോ സുരക്ഷാ ഭിത്തിയുടെ നിർമ്മാണമോ നടത്തിയിട്ടില്ല എന്നും അനധികൃത ഖനനത്തിന് നിയമ നടപടി സ്വീകരിക്കണമെന്നും അറിയിച്ച് 18.06.2024 തീയതിയിൽ SC1-857/2023 നമ്പരായുള്ള റിപ്പോർട്ട് കുന്നത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ ഓഫീസിലേക്ക് അയച്ച് നല്കിയിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 01.07.2024 തീയതിയിൽ വസ്തു ഉടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ടി നോട്ടീസിന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുന്നത്തൂർ ഗ്രാമ പഞ്ചായത്തുമായി ചേർന്ന് വസ്തു ഉടമയായ ശ്രീ. രാജേന്ദ്രന്റെ സാന്നിദ്ധ്യത്തിൽ 20.09.2024 തീയതിൽ സംയുക്ത സ്ഥല പരിശോധന നടത്തിയിരുന്നു. ടി സ്ഥലത്തുനിന്നും 701.53 $m^3$ (1403.06 മെ.ടൺ) മണ്ണ് നീക്കം ചെയ്യുന്നതിനാണ് ഗ്രാമ പഞ്ചായത്ത് അനുമതി നല്കിയിരുന്നത്. എന്നാൽ സ്ഥല പരിശോധനയിൽ ആകെ 2010.42 $m^3$ (4020.84 $m^3$) മണ്ണ് ഖനനം ചെയ്തിട്ടുള്ളതായും ആയതിൽ 720 $m^3$ (1440 മെ.ടൺ) മണ്ണ് ടി സ്ഥലത്തുതന്നെ കൂട്ടിയിട്ടിട്ടുള്ളതായും കാണപ്പെട്ടു. ഖനനം ചെയ്ത 2010.42 $m^3$ (4020.84 മെ.ടൺ) മണ്ണിൽ നിന്നും കൂട്ടിയിട്ടിരിക്കുന്ന 720 $m^3$ (1440 മെ.ടൺ) മണ്ണും പഞ്ചായത്ത് പെർമിറ്റ് അനുവദിച്ച 701.53 $m^3$(1403.06 മെ.ടൺ) മണ്ണും കിഴിച്ച് ബാക്കി 588.89 m3 (1177.78 മെ.ടൺ) മണ്ണ് അനധികൃതമായി ഖനനം ചെയ്ത് നീക്കിയിട്ടുള്ളതായി

കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നീക്കം ചെയ്ത 588.89 m3 (1177.78 മെ.ടൺ) മണ്ണിന്റെ 5 ഇരട്ടി റോയൽറ്റിത്തുകയായ 2,35,556/- രൂപ ഒടുക്കുന്നതിന് 03.10.2024 തീയതിയിൽ അപ്പീൽ കക്ഷിക്ക് ഡിമാന്റ് നോട്ടീസ് നല്കിയിരുന്നതുമാണ്. പ്രസ്തുത ഡിമാന്റ് നോട്ടീസിനെതിരെയാണ് ടിയാൻ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ സൂചന (2) പ്രകാരം ലഭ്യമായ ജിയോളജിസ്റ്റിന്റെ റിപ്പോർട്ട് ഈ ഓഫീസിൽ പരിശോധിച്ചതിൽ അനധികൃത ഖനനത്തിന് അപ്പീൽ കക്ഷിക്ക് ഡിമാന്റ് നോട്ടീസ് നല്കിയിട്ടുള്ളത് ചട്ടങ്ങളിലെ ചട്ടം 14 (8) പ്രകാരമല്ല എന്ന് കാണുകയും ആകയാൽ ചട്ടപ്രകാരം അനധികൃത ഖനനത്തിന് പുതുക്കിയ ഡിമാന്റ് നോട്ടീസ് നല്കുന്നതിന് 10.12.2025 തീയതിയിൽ ഈ ഓഫീസിൽ നിന്നും ജില്ലാ ഓഫീസിലേക്ക് കത്ത് നല്കിയിരുന്നു. ടി കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തുനിന്നും ആകെ ഖനനം ചെയ്ത 4020.84 മെ.ടൺ ധാതുവിൽ നിന്നും പഞ്ചായത്ത് അനുവദിച്ച് പെർമിറ്റ് പ്രകാരമുള്ള 1403.06 മെ.ടൺ ധാതുവിന്റെ അളവ് കുറച്ച് 2617.78 മെ.ടൺ ധാതുവിന്റെ 5 ഇരട്ടി റോയൽറ്റിത്തുകയായ 5,23,556/- രൂപ ഒടുക്കുന്നതിന് 29.12.2025 തീയതിയിൽ പുതുക്കിയ ഡിമാന്റ് നോട്ടീസ് നല്കിയതായി ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പീൽ കക്ഷി പഞ്ചായത്ത് അനുവദിച്ച പെർമിറ്റിന് ഉപരിയായി ഖനനം ചെയ്ത 2617.76 മെ.ടൺ ധാതുവിന് ചട്ടം 14 (8) പ്രകാരം 5,23,556/- രൂപ പെനാൽറ്റി ഒടുക്കുവാൻ ബാധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ അപ്പീൽ കക്ഷിയിൽ നിന്നും പുതുക്കിയ ഡിമാന്റ് പ്രകാരമുള്ള തുകയായ 5,23,556/- രൂപ ഈടാക്കുന്നതിന് അനുമതി നൽകികൊണ്ട് സർക്കാരിൽ നിന്നും അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അറിയിക്കുന്നു.

4. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. അനധികൃത ഖനനത്തിന് നടപടി സ്വീകരിക്കണമെന്നറിയിച്ചുകൊണ്ട് കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ ജിയോളജിസ്റ്റിന് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ കക്ഷിക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ടി നോട്ടീസിന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുന്നത്തൂർ ഗ്രാമ പഞ്ചായത്തുമായി ചേർന്ന് വസ്തുഉടമയായ ശ്രീ. രാജേന്ദ്രന്റെ സാന്നിദ്ധ്യത്തിൽ 20.09.2024 തീയതിൽ സംയുക്ത സ്ഥല പരിശോധന നടത്തിയിരുന്നു. ടി സ്ഥലത്തുനിന്നും 701.53 $m^3$ (1403.06 മെ.ടൺ) മണ്ണ് നീക്കം ചെയ്യുന്നതിനാണ് ഗ്രാമ പഞ്ചായത്ത് അനുമതി നല്കിയിരുന്നത്. എന്നാൽ സ്ഥല പരിശോധനയിൽ ആകെ 2010.42 $m^3$ (4020.84 $m^3$) മണ്ണ് ഖനനം ചെയ്തിട്ടുള്ളതായും അതിൽ 2617.8 MT മണ്ണ് അധിക ഖനനം നടത്തിയതായും കണ്ടെത്തിയിട്ടുള്ളതാണ്. ഇതിൽ നിന്നും കക്ഷി അനുമതി നല്കിയതിനുപരിയായി മണ്ണ് ഖനനം നടത്തിയിട്ടില്ലെന്ന വാദത്തിൽ കഴമ്പില്ല. അതിനാൽ കെ.എം.സി.സി ചട്ടം 14 (8) പ്രകാരമുള്ള പെനാൽറ്റി അതായത് അധിക ഖനനം നടത്തിയ 2617.8 MT മണ്ണിന്റെ 5 ഇരട്ടി റോയൽറ്റി ഒടുക്കുവാൻ കക്ഷി ബാദ്ധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ ജിയോളജിസ്റ്റ് 29-12-2025 ൽ നല്കിയ റിവൈസ്ഡ് ഡിമാന്റ് നോട്ടീസ് ശരിവച്ച് കൊണ്ടും അതനുസരിച്ചുള്ള തുക കക്ഷിയിൽ നിന്നും ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിയും ശ്രീ.രാജേന്ദ്രൻപിള്ള, രാമപുരം ബംഗ്ലാവ്, തുരുത്തിക്കര.പി.ഒ, കുന്നത്തൂർ, കൊല്ലം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

പകർപ്പ്

ശ്രീ.രാജേന്ദ്രൻപിള്ള, രാമപുരം ബംഗ്ലാവ്, തുരുത്തിക്കര.പി.ഒ, കുന്നത്തൂർ, കൊല്ലം 690540

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 08-04-2026 14:18:16

സെക്ഷൻ ഓഫീസർ